# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 ഒക്ടോബർ 29

# വാർത്താക്കുറിപ്പ്

## പഴയ ബാച്ചുകാർക്കുള്ള പരീക്ഷ: ഹാൾ ടിക്കറ്റ് വിതരണം നവം. 1 മുതൽ

1998 മുതൽ വിവിധ കാലയളവുകളിൽ മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക കീഴിൽ ബി.എ., ബി.എസ് സി, ബി.കോം കോഴ്സുകൾക്ക് റഗുലറായും പ്രൈവറ്റായും ചേർന്ന് പഠനം വിജയകരമായി പൂർത്തിയാക്കാൻ കഴിയാത്തവർക്കായി നടത്തുന്ന അദാലത്ത് സ്പെഷ്യൽ മേഴ്സി ചാൻസ് മോഡൽ - 1 പരീക്ഷകളുടെ ഭാഗമായുള്ള പാർട്ട് 1 - ഇംഗ്ലീഷ്, പാർട്ട് 2 - അഡീഷണൽ/മോഡേൺ ലാംഗ്വേജ് പരീക്ഷകൾ നവമ്പർ മൂന്നിന് ആരംഭിക്കും. പരീക്ഷാ കേന്ദ്രങ്ങൾ, ടൈംടേബ്ൾ തുടങ്ങിയ വിശദാംശങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. വിദ്യാർത്ഥികൾ അവർക്ക് അനുവദിച്ചിട്ടുള്ള കേന്ദ്രങ്ങളിലെത്തി ഹാൾ ടിക്കറ്റ് കൈപ്പറ്റി അവിടെത്തന്നെ പരീക്ഷ എഴുതണം.

(പി.ആർ.ഒ/39/1211/2021)

## പരീക്ഷാ തീയതി

മോഡൽ -1 ആനുവൽ സ്കീം ബി.എ./ ബി.എസ് സി./ ബി.കോം പാർട്ട് 1 ഇംഗ്ലീഷ്, പാർട്ട് -2 അഡീഷണൽ/ മോഡേൺ ലാംഗ്വേജസ് (അദാ-ലത്ത് സ്പെഷൽ മേഴ്സിചാൻസ്)/ പാർട്ട് 1 ഇംഗ്ലീഷ് അദാലത്ത് മേഴ്സി ചാൻസ് (യു.ജി.സി. സ്പോൺസേഡ് ആനുവൽ സ്കീം) പരീക്ഷയുടെ ഇംഗ്ലീഷ് ഫോർ ഹ്യുമാനിറ്റീസ് ആന്റ് സോഷ്യൽ സയൻസ്, ആൻ അഡ്വാൻസ്ഡ് കോഴ്സ് ഇൻ ഇംഗ്ലീഷ് ലിറ്ററേച്ചർ എന്ന പേപ്പറിന്റെ പരീക്ഷ നവംബർ എട്ടിനും അറബിക് - പ്രോസ്, പോയട്രി ആന്റ് ഡ്രാമ (മോഡേൺ പീരിയഡ്) പരീക്ഷ നവംബർ 12നും അറബിക് - ക്ലാസിക്കൽ ആന്റ് മെഡീവൽ പ്രോസ് പരീക്ഷ നവംബർ 15 നും ഹിന്ദി - ഡ്രാമ ആന്റ് ലോംഗ് പോയം പരീക്ഷ നവംബർ 12നും ഹിന്ദി - നോവൽ, ഷോർട് സ്റ്റോറീസ് ആന്റ് ഗ്രാമർ പരീക്ഷ നവംബർ 15നും നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1212/2021)

എട്ടാം സെമസ്റ്റർ ബി.എച്ച്.എം. (ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് - 2017 അഡ്മിഷൻ - റഗുലർ/ 2013-2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ നവംബർ എട്ടുമുതൽ നടക്കും. പിഴയില്ലാതെ നവംബർ ഒന്നുവരെയും 525 രൂപ പിഴയോടെ നവംബർ രണ്ടിനും 1050 രൂപ സൂപ്പർഫൈനോടെ നവംബർ മൂന്നിനും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1213/2021)

മൂന്നും നാലും സെമസ്റ്റർ ബി.എ. സംസ്കൃതം ( 2019 അഡ്മിഷൻ - റഗുലർ/2017, 2018 അഡ്മിഷൻ - റീഅപ്പിയറൻസ്) പരീക്ഷയുടെ ഇൻഫർമാറ്റിക്സ്, ന്യായ - തർക്കസംഗ്രഹ, കൾച്ചറൽ ഹെറിറ്റേജ് ഓഫ് ഇന്ത്യ എന്നീ പേപ്പറുകളുടെ പരീക്ഷ യഥാക്രമം നവംബർ 24, 26, 29 തീയതികളിലും നാലാം സെമസ്റ്റർ ബി.എ. സംസ്കൃതം (2019 അഡ്മിഷൻ - റഗുലർ/ 2017, 2018 അഡ്മിഷൻ - റീഅപ്പിയറൻസ്) പരീക്ഷയുടെ വ്യാകരണ പാർട്ട് 1 - ലഘുസിദ്ധാന്ത കൗമുദി, ലിറിക്സ്, ആയുർവേദിക് ട്രഡീഷൻ ഓഫ് കേരള എന്നീ പേപ്പറുകളുടെ പരീക്ഷ യഥാക്രമം നവംബർ എട്ട്, 10, 12 തീയതികളിലും നടക്കും.

(പി.ആർ.ഒ/39/1214/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഒന്നുമുതൽ നാലുവരെ സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2016, 2017 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ നവംബർ അഞ്ചുമുതൽ നടക്കും.

(പി.ആർ.ഒ/39/1215/2021)

അഫിലിയേറ്റഡ് കോളേജിലെയും സീപാസിലെയും അഞ്ചാം സെമസ്റ്റർ എം.സി.എ. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 10 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1216/2021)

## സ്പോട്ട് അഡ്മിഷൻ ഇന്ന്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് റിഹാബിലിറ്റേഷൻ

സ്റ്റഡീസ് ആന്റ് ആക്ഷൻ എന്ന കോഴ്സിന്റെ 2021 ബാച്ച് പ്രവേശത്തിന് ഒ.ഇ.സി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. താല്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി ഇന്ന് (ഒക്ടോബർ 30) രാവിലെ 10ന് പഠനവകുപ്പിൽ എത്തണം. എം.ജി. സർവകലാശാല അംഗീകരിച്ച ബിരുദമാണ് അടിസ്ഥാന യോഗ്യത. വിശദവിവരത്തിന് ഫോൺ: 0481-2731034.

(പി.ആർ.ഒ/39/1217/2021)

## സ്പോട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാലയുടെ പുല്ലരിക്കുന്ന് സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് നടത്തുന്ന എം.എ. ഹിസ്റ്ററി -2021-22 ബാച്ചിൽ എസ്.സി., എസ്.ടി. വിഭാഗത്തിനായി സംവരണം ചെയ്ത സീറ്റുകളിൽ ഓരോ ഒഴിവുകളുണ്ട്. എം.എ. ആന്ത്രോപ്പോളജിയിൽ എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്കായുള്ള സീറ്റുകളിൽ നാലും, എസ്.ടി. വിഭാഗക്കാർക്കുള്ള സീറ്റുകളിൽ ഒരു ഒഴിവും ഉണ്ട്. ആന്ത്രോപ്പോളജിയിൽ ജനറൽ വിഭാഗത്തിലും ഏതാനും ഒഴിവുകളുണ്ട്. യോഗ്യരായ വിദ്യാർഥികൾ നവംബർ രണ്ടിന് രാവിലെ 11ന് അസൽ സർട്ടിഫിക്കറ്റുകളുമായി പുല്ലരിക്കുന്ന് സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 6238852247.

(പി.ആർ.ഒ/39/1218/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടത്തുന്ന എം.എസ് സി. കെമിസ്ട്രി - 2021-2023 ബാച്ചിൽ പട്ടികജാതി വിഭാഗത്തിൽ മൂന്ന് സീറ്റൊഴിവുണ്ട്. നിശ്ചിത യോഗ്യതയുള്ള വിദ്യാർഥികൾ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി നവംബർ ഒന്നിന് ഉച്ചയ്ക്ക് 12ന് മുമ്പ് സ്പോട് അഡ്മിഷനായി പഠനവകുപ്പിൽ എത്തണം. രജിസ്റ്റർ ചെയ്യുന്ന അപേക്ഷകരുടെ മെറിറ്റ് അടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുക. എൻ.എസ്.സ്./ എൻ.സി.സി./ എക്സ് സർവീസ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് നിയമാനുസൃതമായ വെയിറ്റേജ് മാർക്കുകൾ ലഭിക്കും. വിശദവിവരത്തിന് ഫോൺ: 0481-2731036, ഇമെയിൽ: office.scs@gmail.com

(പി.ആർ.ഒ/39/1219/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഡാറ്റ അനലിറ്റിക്സ് വകുപ്പിൽ എം.എസ് സി. ഡാറ്റ സയൻസ് ആന്റ് അനലിറ്റിക്സ് - 2021- 2023 ബാച്ചിൽ എസ്.സി. വിഭാഗത്തിൽ രണ്ടും, എസ്.ടി. വിഭാഗത്തിൽ ഒന്നും ഒഴിവുകളുണ്ട്. അർഹരായവർ അസൽ സർട്ടിഫിക്കറ്റുകളുമായി നവംബർ രണ്ടിന് വൈകീട്ട് 3.30നകം എഡി. എ11 സെക്ഷനിൽ നേരിട്ട് ഹാജരാകണം. വിശദവിവരത്തിന് ഫോൺ: 8304870247.

(പി.ആർ.ഒ/39/1220/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിൽ എം.എസ് സി. മാത്തമാറ്റിക്സ് -2021-2023 ബാച്ചിൽ പ്രവേശനത്തിന് എസ്.സി. വിഭാഗത്തിൽ മൂന്നും എസ്.ടി. വിഭാഗത്തിൽ ഒന്നും സീറ്റൊഴിവുകളുണ്ട്. എം.എസ് സി. സ്റ്റാറ്റിസ്റ്റിക്സ് ബാച്ചിൽ എസ്.സി. വിഭാഗത്തിൽ രണ്ടും, എസ്.ടി. വിഭാഗത്തിൽ ഒന്നും സീറ്റൊഴിവുകളാണുള്ളത്. അർഹരായ വിദ്യാർഥികൾ അസൽ യോഗ്യത രേഖകളുമായി നവംബർ ഒന്നിന് വൈകീട്ട് 3.30ന് മുമ്പായി എഡി. എ11 സെക്ഷനിൽ നേരിട്ട് എത്തണം. വിശദവിവരത്തിന് ഫോൺ: 8304870247.

(പി.ആർ.ഒ/39/1221/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ എം.എസ് സി. ഫിസിക്സ് 2021 - 2023 ബാച്ച് പ്രവേശനത്തിന് എസ്.ടി. വിഭാഗത്തിനായുള്ള ഒരു സീറ്റിൽ ഒഴിവുണ്ട്. നിശ്ചിത യോഗ്യതയുള്ള വിദ്യാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി നവംബർ ഒന്നിന് രാവിലെ 11ന് പഠനവകുപ്പിൽ നേരിട്ട് എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731043, ഇമെയിൽ: spap@mgu.ac.in

(പി.ആർ.ഒ/39/1222/2021)

## പരീക്ഷാ ഫലം

2021 ഏപ്രിലിൽ നടന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.കോം. (മോഡൽ 1, 2. 3 - 2013-2015 അഡ്മിഷൻ - റീ-അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 15 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1223/2021)

2021 ഏപ്രിലിൽ നടന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ് സി. മോഡൽ 1, 2, 3 (2013 - 2016 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 15 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1224/2021)

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ് സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ (2019 അഡ്മിഷൻ - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1225/2021)

2021 ഏപ്രിലിൽ നടന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ. (മോഡൽ 1, 2, 3 - 2013-2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 15 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1226/2021)

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ് സി. അപ്ലൈഡ് കെമിസ്ട്രി ആന്റ് എം.എസ് സി. ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി, പി.ജി.സി.എസ്.എസ്. സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1227/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ